നം - എൻ2/41560/09/ഡി.പി.ഐ　　　　പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി. 9/7/2009

# **<u>സർക്കുലർ</u>**

## **<u>പ്രീ-മെട്രിക് സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ഹെഡ്മാസ്റ്റർക്കുള്ള നിർദ്ദേശങ്ങൾ താഴെ പറയുന്നു.</u>**

1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന, മുൻ വർഷത്തെ വാർഷിക പരീക്ഷയിൽ 50% മാർക്കിനു മുകളിൽ കരസ്ഥമാക്കിയിട്ടുള്ളവരും (ഒന്നാം ക്ലാസ്സ് ഒഴികെ) രക്ഷകർത്താക്കളുടെ വരുമാനം 1 ലക്ഷം രൂപയിൽ താഴെ മാത്രം ഉള്ളവരുമായ കുട്ടികൾക്കാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് വരുമാനം മാത്രം മാനദണ്ഡമാക്കിയാൽ മതിയാകും. അപേക്ഷയോടൊപ്പം കുട്ടിയുടെ മതം, രക്ഷകർത്താവിന്റെ വരുമാനം എന്നിവ തെളിയിക്കുന്ന 10 രൂപയുടെ മുദ്രപ്പത്രത്തിൽ വെവ്വേറെ തയ്യാറാക്കിയ സാക്ഷ്യപത്രങ്ങൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. ഒരു കുടുംബത്തിലെ പരമാവധി 2 കുട്ടികൾക്ക് മാത്രമേ സ്കോളർഷിപ്പിന് അർഹതയുള്ളൂ.

പ്രീ-മെട്രിക് സ്കോളർഷിപ്പിനായി ലഭ്യമാകുന്ന അപേക്ഷകൾ അതാത് സ്കൂളിലെ ഹെഡ്മാസ്റ്റർമാർ കർശനമായി പരിശോധിച്ച് മാർക്ക്, വരുമാനം, മതം എന്നിവ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. വൈകി ലഭിക്കുന്നതും അപൂർണ്ണവുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കേണ്ടതില്ല.

കുട്ടികൾ സമർപ്പിക്കുന്ന അപേക്ഷകളിൽ എന്തെങ്കിലും തെറ്റുകൾ കണ്ടെത്തിയാൽ അത് തിരുത്തി വാങ്ങേണ്ടതും അപേക്ഷയിൽപ്പറയുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

കുട്ടികൾ സമർപ്പിക്കുന്ന അപേക്ഷയിൽ മുൻവർഷത്തെ വാർഷിക പരീക്ഷയിൽ ലഭ്യമായ ഗ്രേഡ് നോക്കി അതിന്റെ മാർക്ക് തന്നെയാണോ അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് പരിശോധിക്കേണ്ടതും അല്ലായെങ്കിൽ കുട്ടിയെക്കൊണ്ട് തന്നെ അപേക്ഷയിൽ മാർക്ക് രേഖപ്പെടുത്തേണ്ടതുമാണ്. **പ്രസ്തുത അപേക്ഷകൾ 15.07.09 മുതൽ 05.08.09 വരെ സ്വീകരിക്കേണ്ടതാണ്. ലഭ്യമാകുന്ന അപേക്ഷകൾ കിട്ടുന്ന മുറയ്ക്ക് സ്കൂളുകൾ ബന്ധപ്പെട്ട ഡി.ഇ.ഒ യിൽ നൽകേണ്ടതുമാണ്** സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് (റെക്കഗ്നൈസ്ഡ് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ). ഇങ്ങനെ അപേക്ഷകൾ നൽകുമ്പോൾ അപേക്ഷിച്ച കുട്ടികളുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു ലിസ്റ്റ് കൂടി ബന്ധപ്പെട്ട ഡി.ഇ.ഒ മാർക്ക് നൽകേണ്ടതും കുട്ടികളുടെ അപേക്ഷകൾ ലിസ്റ്റുമായി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ലിസ്റ്റ് പ്രകാരം ഉള്ള അപേക്ഷകൾ സ്വീകരിച്ചതായി ഉള്ള സാക്ഷ്യപത്രം ഡി.ഇ.ഒ മാരിൽ നിന്ന് ഹെഡ്മാസ്റ്റർമാർ വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. സ്കൂൾ മുഖേന ലഭിക്കുന്ന അപേക്ഷിക്കുന്ന അപേക്ഷകൾ മാത്രമേ ബന്ധപ്പെട്ട ഡി.ഇ.ഒ കളിൽ സ്വീകരിക്കുകയുള്ളൂ. ഇക്കാര്യത്തിൽ കുട്ടികൾക്ക് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ കർശന നിർദ്ദേശം നൽകേണ്ടതാണ്. 05.08.09 ന് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**ഒപ്പ്**

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**